കെഎസ്എ.കെടിഎം.പി.9/1114/2017 തീയതി: 11.07.2017

# കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.10.16 മുതൽ 31.3.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീസാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27-6-17 മുതൽ 4-7-17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ.ആർ | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീമതി സ്മിത.ജി.നായർ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി.യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ആൽബിൻ സിറിയക്ക് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി മിനി കുഞ്ഞുമോൻ | 1-4-16 മുതൽ 31-3-17 വരെ |
| സെക്രട്ടറി | ശ്രീമതി കെ.എൻ ഗിരിജമ്മ | 1-4-16 മുതൽ 31-1-17 വരെ |
| | ശ്രീമതി മിനി മാത്യു<br>(സെക്രട്ടറി ഇൻ ചാർജ്) | 1-2-17 മുതൽ 31-3-17വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതിനസീമ ബീവി.എം | 1-4-16മുതൽ 31-3-17വരെ. |
| അസി.എൻജിനീയർ | ശ്രീമതി സൗമ്യ.കെ | 1-4-16മുതൽ 31-3-17വരെ |
| വെറ്ററിനറി സർജൻ | ഡോ.ലിനി ചന്ദ്രൻ | 1-4-16മുതൽ 31-3-17വരെ. |
| വി.ഇ.ഒ | ശ്രീ.രഞ്ജിത്ത് റ്റി.എം | 1-4-16 മുതൽ 31-3-17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ - | ശ്രീമതി പുഷ്പമ്മ | 1-4-2016 മുതൽ 10-8-16 വരെ |

| | | |
|---|---|---|
| | ശ്രീമതി ലിബിൻ ജേക്കബ് | 11-8-2016മുതൽ 28-2-17 വരെ |
| | ശ്രീമതി ദിവ്യ വി.ആൻഡ്രൂസ് | 1.3.17 മുതൽ 31-3-17വരെ. |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മനോഹരൻ.കെ | 1-4-16 മുതൽ 7-7-16വരെ. |
| | ശ്രീ.എം.വി.കണ്ണൻ | 8-7-16 മുതൽ 31-3-17വരെ |
| മെഡി.ഓഫീസർ (ആയുർവേദം) | ഡോ.ബിന്ദു.ബി | 1-4-16മുതൽ 31-3-17വരെ |
| മെഡി.ഓഫീസർ (ഹോമിയോ) | ഡോ.എ.റ്റി.സുകുമാരൻ | 1-4-16മുതൽ 12-1-17വരെ. |
| | ഡോ.ധന്യ | 13-1-17 മുതൽ- 19-1-17 വരെ |
| | ഡോ.മെറീൻ | 20-1-17മുതൽ- 31-3-17 വരെ |
| മെഡി.ഓഫീസർ (അലോപ്പതി) | ഡോ.ധന്യ സുശീലൻ | 1-4-16 മുതൽ 19-6-16 വരെ. |
| | ഡോ.ആഷ.പി.നായർ | 20-6-16 മുതൽ 31-3-17വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി മിനി മാത്യു | 1-4-16 മുതൽ 31-3-17വരെ. |
| ഹെഡ് മാസ്റ്റർ | ശ്രീമതി സുജ.പി.ജോൺ | 1-4-16 മുതൽ 5-6-16 വരെ. |
| | ശ്രീമതി ആലീസ് മാത്യു | 6-6-16 മുതൽ 31-3-17 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | ഭാഗം 1 – പൊതു അവലോകനം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷിക പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | |
|---|---|
| 1-12 | ഓഡിറ്റ് ഇംപാക്റ്റ് |
| | ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി--കുടിശ്ശിക ഈടാക്കിയിട്ടില്ല |
| 2-3 | വസ്തുനികുതി--നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നു. |
| 2-4 | വസ്തുനികുതി--എല്ലാ ഹാളുകളുടേയും നികുതി പരിഷ്കരിച്ചിട്ടില്ല |
| 2-5 | 100 ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ നികുതി നിർണ്ണയിച്ചു |
| 2-6 | തൊഴിൽ നികുതി സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-7 | മാർക്കറ്റ് ടോൾ പിരിവ് ലേല തുക പൂർണ്ണമായും അടവാക്കിയിട്ടില്ല |
| | ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്--നടപടിക്രമം പാലിച്ചിട്ടില്ല |
| 3-2 | സംയുക്ത പ്രോജക്ടിനുള്ള തുക നിക്ഷേപിക്കാൻ ആരംഭിച്ച അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. |
| 3-3 | മെഡിക്കൽ ഓഫീസർമാരുടെ പ്രോജക്ടുകളിലെ അപാകതകൾ |
| 3-4 | വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-5 | ബിറ്റുമിൻ--കാലിവീപ്പകളുടെ വില സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല |
| 3-6 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | |
|---|---|
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 25.3.17 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 4349497 | 5142869.41 |
| വരവ് | 72276530 | 34994613 |
| ആകെ | 76626027 | 40137482.41 |
| ചെലവ് | 72818362 | 31880828 |
| നീക്കിയിരിപ്പ് | 3807665 | 8256654.41 |

മുൻവർഷങ്ങളിലെ വരവ് ചെലവുകളെ വിലയിരുത്തി ബഡ്ജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

2016-17 വർഷത്തെ വാർഷികകണക്കുകൾ 24-6-17-ാം തീയതി ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷികകണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5142869.41 |
| വരവ് | 34994613 |
| ആകെ | 40137482.41 |

| | |
|---|---|
| ചെലവ് | 31880828 |
| നീക്കിയിരിപ്പ് | 8256654.41 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8589133 | 8204383 | 384750 | 95.52 |
| വികസനഫണ്ട് എസ്.സി.പി. | 2889618 | 2880018 | 9600 | 99.66 |
| വികസനഫണ്ട് ടി.എസ്.പി. | 236439 | 236439 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2453445 | 1851268 | 602177 | 75.45 |
| സംരക്ഷണഗ്രാന്റ്ഡ്നോൺറോഡ് | 2554755 | 1869527 | 685228 | 73.17 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4816755 | 2301270 | 2515485 | 47.75 |
| പെർഫോമൻസ് ഗ്രാന്റ്(കേന്ദ്ര വിഹിതം) | 1880230 | - | 1880230 | 0 |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാന വിഹിതം) | 662987 | 380000 | 282987 | 57.31 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 124 | 35020541 | 76 | 21163236 | 3 | 45 | 61.29 |

നേട്ടങ്ങൾ

- ഗ്രോബാഗ് വിതരണം, നെൽവിത്ത് സബ്സിഡി, മുട്ടക്കോഴി വിതരണം കന്നുകുട്ടി പരിപാലനം എന്നീ പ്രോജക്ടുകൾ ഉൽപാദന മേഖലയിൽ നടപ്പാക്കി.
- പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എസ്.സി. കുട്ടികൾക്ക് പഠന സഹായം, എസ്.സി. കുട്ടികൾക്ക് അധിക പഠനമുറി, എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് എന്നീ പ്രോജക്ടുകൾ സേവനമേഖലയിൽ നടപ്പാക്കി
- വിവിധ റോഡ്, അങ്കണവാടി മെയിന്റനൻസ് എന്നിവ പശ്ചാത്തല മേഖലയിൽ നടപ്പാക്കി

കോട്ടങ്ങൾ

- ലോകബാങ്ക് ധനസഹായം (കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം ഉൾപ്പെടെ ) 14.9% മാത്രമേ വിനിയോഗിക്കാൻ സാധിച്ചുള്ളൂ
- പൊതുശ്മശാനത്തിന് സ്ഥലം വാങ്ങാൻ സ്പിൽഓവറായി പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും നടപ്പാക്കിയില്ല
- അങ്കണവാടി നിർമ്മാണത്തിന് തുക വകയിരുത്തിയെങ്കിലും നടപ്പായില്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 58.7ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3121890 | 5610601 | 2488711 | (+)79.71% |
| നികുതിയേതര വരവുകൾ | 921520 | 883108 | 38412 | (-)4.16% |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 142501 | 149662 | 7161 | (+)5.02% |
| ആകെ | 4185911 | 6643371 | 2457460 | (+)58.7% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69720 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 5900500 | 684 |
| വിധവാപെൻഷൻ | 6303590 | 529 |
| വാർദ്ധക്യകാലപെൻഷൻ | 9808930 | 997 |
| വികലാംഗപെൻഷൻ | 1866940 | 221 |
| 50 വയസ്സ കഴിഞ്ഞ അവിവിവാഹിതർക്കുള്ള പെൻഷൻ | 326930 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.7.17 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20434/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്) പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/5/17 | 3/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/4/2014-5/5/2014 | 2009-10 മുതൽ 2013-14 വരെ | 3/7/2015 |

## 1-12 ഓഡിറ്റ് ഇംപാക്റ്റ്

പോത്തൻകോളനി നവീകരണം- കുറവ് ചെയ്യാതിരുന്ന ഓവർഹെഡ് ചാർജ് തിരികെ അടച്ചു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച പോത്തൻകോളനി നവീകരണം എന്ന പ്രോജക്റ്റിൽ 813.44 m3 മണ്ണിട്ടുയർത്തിയതിന് 381.92/m3 നിരക്കിൽ 310556 രൂപ വേലമൂല്യം കണക്കാക്കി 200000 രൂപ ഗുണഭോക്തൃസമിതി കൺവീനർക്ക് അനുവദിച്ചിരുന്നു. പ്രസ്തുത നിരക്ക് തയ്യാറാക്കിയിരിക്കുന്നത് 10% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ 2.5% കുറവ് ചെയ്യാതെ ഗുണഭോക്തൃസമിതി കൺവീനർക്ക് മുഴുവൻ തുകയും അനുവദിച്ചതിനാൽ 7764 രൂപ അധികം നൽകി. ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് തുക 3/07/2016 ൽ പഞ്ചായത്ത് ഫണ്ടിൽ അടച്ചു. വികസനഫണ്ടിനുള്ള തുകയായതിനാൽ സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം-

1. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ കാണിച്ചിട്ടുള്ള 9000/- രൂപയും, സംയുക്ത പ്രോജക്ടിനത്തിൽ കാണിച്ചിട്ടുള്ള 216197/-രൂപയുടേയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം "Refund of unutilised Grant of Prior period"ഇനത്തിൽ കാണിച്ചിട്ടുള്ള 2857/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ആസ്തി ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി -കുടിശ്ശിക ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ വിവരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | വിസ്തീർണ്ണം | സ്ഥാപനത്തിന്റെ പേര് | പുതിയ നികുതി | ഡിമാന്റ് നോട്ടീസ് പ്രകാരമുളള കുടിശിക. (2011-12 മുതൽ 16-17 വരെ) |
|---|---|---|---|---|---|
| 1 | 4/41A1 | 14.77ച.മീ. | വയർലസ്സ് റ്റി.റ്റി ഇൻഫോസർവ്വീസ്സ് (എസ്.എൽ പ്ലാസ, പാലാരിവട്ടം, കൊച്ചി) | 6647+333 | 35539. |
| 2 | 3/411 | 69.06ച.മീ | ഭാരതി എയർടെൽ ലിമിറ്റഡ്, കുണ്ടന്നൂർ, മരട്, കൊച്ചി | 31077+1554 | 163429 |

എല്ലാ ടവറുകളുടേയും കുടിശികയുൾപ്പെടെയുള്ള നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ താഴെ പറയുന്നവയ്ക്ക് കൂടി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി.എസ്. എൻ.എൽ മൊബൈൽ ടവർ -വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമഞ്ചായത്ത് ബി.എസ്.എൻ.എൽ ടവർ നിർമ്മിക്കുന്നതിനായി 2010-11 വർഷം പെർമിറ്റ് നൽകിയതായി കാണുന്നു (3709/10 06/09/10). ടവർ നിർമ്മാണം പൂർത്തികരിച്ചെങ്കിലും വസ്തു നികുതി നിണ്ണയിച്ചതായി കാണുന്നില്ല. വാർഡ് അഞ്ചിൽ ടവർ പ്രവർത്തിക്കുന്നുണ്ടെന്നും അടിയന്തിരമായി നികുതി ചുമത്തുന്നതാണെന്നും അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും (ടവർ നിൽക്കുന്ന സ്ഥലം - ഫൗണ്ടേഷനും, അനുബന്ധ മുറികൾക്കും ഉൾപ്പെടെ) സ.ഉ.(അ)19/2011 /തസ്വഭവ/തീ.14/01/2011ൽ നിർദ്ദേശിക്കും പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. നാളിതു വരെയുള്ള തുക പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2/2014/LSGD പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി-നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുളളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുളളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് പഞ്ചായത്ത് വസ്തുനികുതിയും സേവന ഉപനികുതിയും ചുമത്തുന്നില്ല. ഇത്തരത്തിൽ ഒരെ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം കെട്ടിടങ്ങളെ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കിയിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനം | ഉടമ |
|---|---|
| 1/278 | വികാർ,സെന്റ് മേരീസ് ചർച്ച് |
| 1/280 | വികാർ,സെന്റ് മേരീസ് ചർച്ച് |
| 1/400 | വികാർ,സെന്റ് മേരീസ് ചർച്ച് |
| 2/259 | മൂഴിക്കുളങ്ങര ക്ഷേത്രം |
| 2/260 | മൂഴിക്കുളങ്ങര ക്ഷേത്രം |

നിയമാനുസൃതമല്ലാത്ത ഇളവ് അംഗീകരിക്കുന്നില്ല. കെട്ടിടങ്ങളുടെ ഇനവും ഉപയോഗക്രമവും പരിശോധിച്ച് നികുതി ചുമത്തപ്പെടേണ്ടതാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

## 2-4 വസ്തു നികുതി-എല്ലാ ഹാളുകളുടെയും നികുതി പരിഷ്കരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം ഏകദേശം പൂർത്തിയായതായി കാണുന്നു. താഴെപറയുന്ന ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

1. സെന്റ് സ്റ്റീഫൻ ഓഡിറ്റോറിയം കുറുമുള്ളൂർ

2. ശ്രീ ഭദ്ര ഓഡിറ്റോറിയം

3. കൈപ്പുഴ സെന്റ് ജോർജ് ചർച്ച് പാരിഷ് ഹാൾ

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.4) ഉടൻ തന്നെ നികുതി പരിഷ്കരിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

ഗ്രാമപഞ്ചായത്തിലെ എല്ലാ ഹാളുകളുകളുടേയും നികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്

## 2-5 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പറുകൾ നല്കി 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ നികുതി നിർണ്ണയിച്ചു

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് (സഞ്ചയ സോഫ്റ്റ്വെയർ) പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40/- രൂപയാണ് ചുമത്തിയിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4- ചട്ടം 1- ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകുന്നുണ്ടെങ്കിലും ഉചിതമായ കാരണങ്ങൾ രേഖപ്പെടുത്തി മാത്രമെ ഓരോ ഭാഗത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട രീതിയിൽ വസ്തുനികുതി നിർണ്ണയിക്കാനാവൂ. എന്നാൽ പഞ്ചായത്തിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേ സമയം നികുതി നിർണ്ണയിച്ചതും വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്നതുമായ 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പറുകൾ നല്കി 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40/- രൂപയാണ് ചുമത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി ച.മീന് 40- നിരക്കിൽ (ബാധകമായ വർദ്ധനവ്/ ഇളവുകൾ ഉൾപ്പെടെ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | തോമസ് ഏബ്രഹാം,ആയിരവേലിൽ,നീണ്ടൂർ | 15/532E | 24 | 864+44 |
| 2 | | 15/532A | 30 | 1080+54 |
| 3 | | 15/532**B** | 30 | 1080+54 |
| 4 | | 15/532C | 30 | 1080+54 |
| 5 | | 15/532D | 24 | 864+44 |
| 1 | സെന്റ് ജോർജ് ഫെറോന ചർച്ച് | 11/4K | 25.9 | 900+45 |
| 2 | | 11/4L | 25.9 | 1620+81 |
| 3 | | 11/4M | 18.75 | 1620+81 |
| 4 | | 11/4N | 33.75 | 1620+81 |
| 5 | | 11/4P | 33.75 | 1620+81 |
| 6 | | 11/4Q | 33.75 | 1620+81 |
| 7 | | 11/4R | 33.75 | 1620+81 |
| 8 | | 11/4S | 33.75 | 1620+81 |

ഇത്തരത്തിൽ 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെനികുതി നിരക്കായ 70/- രൂപ ചുമത്തി നിർണ്ണയിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല മേൽ വ്യക്തികളുടെ നികുതി നിർണ്ണയ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

യുക്തമായ കാരണങ്ങൾ ഇല്ലാത്തപക്ഷം ക്രമ നമ്പർ 1 ന് ആകെ വിസ്തീർണ്ണമായ 122.45 ച.മീറ്ററിനനും ക്രമ നമ്പർ 2 ന് ആകെ വിസ്തീർണ്ണമായ 125.44 ച.മീറ്ററിനനും 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 70/- രൂപ നിരക്കിൽ നികുതി ചുമത്തേണ്ടതാണ്.

## 2-6 തൊഴിൽ നികുതി - സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധസ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

എ . സ്ഥാപനതൊഴിൽ നികുതി

| ക്രമനം | സ്ഥാപനം | ഒടുക്കേണ്ട കാലയളവ് |
|---|---|---|
| 1 | മാവേലിസ്റ്റോർ,കൈപ്പുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ബി.എസ്സ്.എൻൽ, നീണ്ടൂർ | " |
| 3 | റ്റി.എസ്സ്നം-45 കുട്ടോംപുറം | " |

ബി. ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമനം | സ്ഥാപനം | ഒടുക്കേണ്ട കാലയളവ് |
|---|---|---|
| 1 | മാവേലിസ്റ്റോർ,കൈപ്പുഴ | രണ്ടാം അർദ്ധവർഷം |
| 2 | റ്റി.എസ്സ്നം-45 കുട്ടോംപുറം | ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | പോസ്റ്റോഫീസ്,കൈപ്പുഴ | ഒന്നാം അർദ്ധവർഷം |
| 4 | ഹോട്ടൽ വെട്ടിക്കാട്ടുപ്ളാസ | ഒന്നും,രണ്ടുംഅർദ്ധവർഷം |

| | | |
|---|---|---|
| 5 | സെന്റ് മൈക്കിൾസ് ഫുഡ്പ്രോഡക്റ്റ്,നീണ്ടൂർ | ഒന്നും,രണ്ടുംഅർദ്ധവർഷം |
| 6 | ക്ഷീരോദ്പ്പാദനസഹകരണസംഘം, കുറുമുള്ളൂർ | ഒന്നും,രണ്ടുംഅർദ്ധവർഷം |
| 7 | ക്ഷീരോദ്പ്പാദനസഹകരണസംഘം,കൈപ്പുഴ | ഒന്നും,രണ്ടുംഅർദ്ധവർഷം |
| 8 | ക്ഷീരോദ്പ്പാദനസഹകരണസംഘം,മൂഴിക്കളങ്ങര. | ഒന്നും,രണ്ടുംഅർദ്ധവർഷം |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് പലിശസഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 മാർക്കറ്റ് ടോൾപിരിവ് ലേലതുക പൂർണ്ണമായും അടവാക്കിയിട്ടില്ല

2016-17 വർഷം നീണ്ടൂർ പബ്ളിക്ക് മാർക്കറ്റിൽ നിന്നും ടോൾ പിരിക്കുന്നതിനുള്ള അവകാശം ശ്രീ. സിനാജ് വാഴക്കാല എന്നയാൾ 250000/-രൂ. ലേലം കൊണ്ടതിൽ 20000/-രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. ടി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്-നടപടിക്രമം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കണ്ണാടിക്കുളം-ചാല റോഡ് പുനരുദ്ധാരണം |
| കൺവീനർ | ശ്രീ.സിജു ലൂക്കോസ് |
| ചെലവ് | 283019/- (ചെക്ക് നം 70702/7.4.16) |

ജില്ലാ കളക്ടർ കോട്ടയത്തിന്റെ 16/4/15 ലെ നം എ.6-12996/13/കെ.ഡി.എസ് ഉത്തരവ് പ്രകാരം ടി റോഡിന്റെ പുനരുദ്ധാരണപ്രവൃത്തികൾക്കായി അനുവദിച്ച 300000/-രൂപയിൽ നിന്നും നിയമപ്രകാരമുള്ള കിഴിവുകളായ വാറ്റ്, ക്ഷേമനിധി വിഹിതം, ആദായനികുതി എന്നിവ ഈടാക്കിയതിന് ശേഷം മാത്രമേ ബാക്കി തുക കൺവീനർക്ക് നൽകാവൂ എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ടിയാനിൽ നിന്നും ആദായനികുതി ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. കൂടാതെ ബില്ലിൽ നിന്നും പിടിച്ച വാറ്റ്, ക്ഷേമനിധി വിഹിതം തുക എന്നിവ ബന്ധപ്പെട്ട വകുപ്പിലേക്ക് അടയ്ക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ 2015-16 വർഷം ഗുണഭോക്തൃസമിതി ചെയ്യുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആദായനികുതി ഈടാക്കിയിരുന്നില്ലെന്നും വാറ്റ്, ക്ഷേമനിധി വിഹിതം തുക എന്നിവ ബന്ധപ്പെട്ട വകുപ്പിലേക്ക് അടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 സംയുക്ത പ്രോജക്ടിനുള്ള തുക നിക്ഷേപിക്കാൻ ആരംഭിച്ച അക്കൗണ്ടിൽ തുക അവശേക്ഷിക്കുന്നു

പോത്തൻ കോളനി നവീകരണം എന്ന പ്രോജക്ടിനായി (61/17) ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 110556/-രൂപ സംയുക്ത പ്രോജക്ടിനായി ഏറ്റുമാനൂർ സബ് ട്രഷറിയിൽ ആരംഭിച്ച 799011400000822 നമ്പർ അക്കൗണ്ടിൽ 20/3/17 ൽ ക്രെഡിറ്റ് ചെയ്തിരുന്നു. ടി തുക ചെലവഴിക്കാതെ നിലവിലും അക്കൗണ്ടിൽ അവശേഷിക്കുന്നു. സർക്കാർ ഉത്തരവ് നം (പി) 7/2017/ ഫിൻ 27.01.2017 ഖ.VI പ്രകാരം ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കിലും മേൽ തുക ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-3 മെഡിക്കൽ ഓഫീസർമാരുടെ പ്രൊജക്ടുകളിലെ അപാകതകൾ

1. പ്രോജക്ട് : 29/16-17:- ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 100000

ചെലവ് : 100000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ : 1/16-17 തീയതി : 25.01.2017

ഡിഡി നമ്പർ 295508 തിയതി 27.01.2017

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രി, നീണ്ടൂരിന് മരുന്ന് വാങ്ങുന്നതിനായി 100,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് നാളിതുവരെ ഈ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് കാണുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നമ്പർ 30/16-17:- ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 200000

ചെലവ് : 200000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ആയുർവേദം)

ബിൽ നമ്പർ : 1/16-17 തീയതി : 12.01.2017, 100000 രൂപ

ബിൽ നമ്പർ : 2/16-17 തീയതി : 24.03.2017, 100000 രൂപ

മേൽ പ്രോജക്ട് പ്രകാരം ആയുർവേദ ആശുപത്രി, നീണ്ടൂരിന് മരുന്ന് വാങ്ങുന്നതിനായി 200,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 113119 രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് കാണുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്. 1,13,119/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3. പ്രോജക്ട് നമ്പർ 31/16-17:- പാലിയേറ്റീവ് കെയർ

അടങ്കൽ : 585760

ചെലവ് : 502100

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പിഎച്ച്സി)

മേൽ പ്രോജക്ട് പ്രകാരം നീണ്ടൂർ പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി 200,000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും (ബിൽ നമ്പർ 5/16-17 തീയതി:30.03.17) 91977 രൂപക്കുള്ള മരുന്നുകളും ഉപകരണങ്ങളും മാത്രമാണ് നാളിതു വരെ ലഭ്യമായിട്ടുള്ളത് എന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. ബാക്കി മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിൽ അയിക്കേണ്ടതാണ്. 1,08,023/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

തൻവർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി മറ്റ് നിർവ്വഹണസ്ഥാപനങ്ങൾക്ക് / ഏജൻസികൾക്ക് വാർഷികപദ്ധതിപ്രകാരം വകയിരുത്തിയിരുന്ന തുക കൈമാറി നൽകിയെങ്കിലും തുകയുടെ വിനിയോഗവിവരങ്ങളും പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ട് | നിർവ്വഹണോദ്യോഗസ്ഥൻ | നിർവ്വഹണ സ്ഥാപനം | കൈമാറിയ തുക | ബിൽനമ്പർ |
|---|---|---|---|---|---|
| 1 | S033/17- എസ്.എസ്.എ.വിഹിതം നൽകൽ | എച്ച്.എം., ഗവ.എൽ.പി.എസ്. ഓണംതുരുത്ത് | ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ., കോട്ടയം | 570895/- | 1/17 8/03/17 |

| | | | | | |
|---|---|---|---|---|---|
| 2 | So141/17-സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | സെക്രട്ടറി | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, നീണ്ടൂർ | 457299/-<br>51501/- | 721/24-03-2017<br>722/18-03-2017 |
| 3 | So65/17-കന്നുകുട്ടിപരിപാലനപദ്ധതി | വെറ്റിനറി സർജൻ | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം ജില്ല | 200000/- | 1/16-17 /24-03-17 |
| | ആകെ | | | 1279695/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ കൈമാറിയ ആകെത്തുകയായ 1279695/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവു തുകയുടെ വിനിയോഗവിവരങ്ങളും പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ - കാലിവീപ്പകളുടെ വില സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

വാർഷികകണക്ക് പരിശോധിച്ചതിൽ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ റോഡ് നിർമ്മാണ പ്രവർത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കിയ ടാർവീപ്പകളുടെ വിലയിനത്തിൽ ലഭിച്ച 64022 രൂപ സർക്കാരിലേക്ക് അടയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഇത് ശരിയായ നടപടിയല്ല. വികസനഫണ്ട് /മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രവൃത്തികളായതിനാൽ ടി തുക കണ്ടസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പപദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2016-17 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 117 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 84 പ്രോജക്ടുകളിൽ 66 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2016-17 വർഷം 20599 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 471 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഭൂവികസന പ്രവൃത്തികൾ, IAY, പട്ടിക ജാതി പട്ടിക വർഗ്ഗ ഡിപ്പാർട്ട്മെന്റ് എന്നിവടങ്ങളിൽ നിന്നുള്ള വീടുകളുടെ അവിദഗ്ധ തൊഴിൽ ഘടകം, മഴക്കുഴിനിർമ്മാണം, തോടുകളുടെയും,കുളങ്ങളുടേയും പുനരുദ്ധാരണം നിർമ്മാണം, പാടശേഖരങ്ങൾക്ക് വാച്ചാൽ നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 120000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 120000 | - |
| “ | “ | 110556 | പോത്തൻ കോളനി നവീകരണം | - | 110556 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഈ ഇനത്തിൽ തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ ചെലവില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2012-13 | 2-5(3) | 3250 | ഹെഡ് മാസ്റ്റർ, സെന്റ് ജോർജ് വി.എച്ച് എസ് എസ് കൈപ്പുഴ | 11604100980/ 27/06/2016 |
| 2012-13 | 2-5(3) | 2500 | മേരി ചാക്കോ സെന്റ് മാർഗ്ഗറ്റ് യു. പി. സ്കൂൾ, കൈപ്പുഴ | 11604100994/ 28/06/2016 |
| 2015-16 | 2-2-1 | 18900 | ഭാരതി എയർടെൽ | 11610500003/ 20/12/2016 |
| 2015-16 | 2-2-1 | 21736 | വോഡാ ഫോൺ എസ്സാർ ലിമിറ്റഡ് | 11610500002/ 20/12/2016 |
| 2015-16 | 2-3-2 | 1440 | സെക്രട്ടറി, ക്ഷീരോത്പാദന സഹകരണ സംഘം | 11610101480/ 3/02/2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-5 | 2009-10 | 2-8 | KSEB നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | |
| 2006-07 | | 2009-10 | 2-9 | മുൻകൂർ നൽകിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40026926 (മുന്നിരിപ്പുൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31880828 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 160083 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(1) | 100000 | ഡോ.മെറിൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-3(2) | 113119 | ഡോ.ബിന്ദു ബി, മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3-3(3) | 108023 | ഡോ.ആഷാപി.നായർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-4 | 570895 | ശ്രീമതി ആലീസ് മാത്യു, ഹെഡ്മാസ്റ്റർ |
| | 508800 | ശ്രീമതി മിനി മാത്യു, സെക്രട്ടറി ഇൻ-ചാർജ്ജ് |
| | 200000 | ഡോ. ലിനി ചന്ദ്രൻ, വെറ്റിനറി സർജൻ |
| ആകെ | 1600837 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം –_ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- ഇല്ല

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ എഫ് കെ പി 10/1261(1)/14/29-11-14. | |
| 1999-2000 | എൽ എഫ് കെ പി 10/1261(2)/14/29-11-14. | |
| 2000-01 | എൽ എഫ് കെ പി 10/202/16/23-03-16. | |
| 2001-02(ചെലവ്) | എൽ എഫ് കെ പി 10/1261(4)/14/29-11-14 | |
| 2002-03(ചെലവ്) | എൽ എഫ് കെ പി 4/688/05/05.05.2007 | |
| 2002-03(വരവ്) | എൽ എഫ് കെ പി 4/891/07/22-03-08 | |
| 2003-04(ചെലവ്) | എൽ എഫ് കെ പി 4/1429/08/06.07.09/5.10.09 | |
| 2003-04(വരവ്) | എൽ എഫ് കെ പി 4/892/07/4.3.08/1.4.08 | |
| 2004-05 (ചെലവ്) | കെഎസ്എ-കെടിഎം.പി.10-140/16/16.04.16 | |
| 2005-06 | എൽ എഫ് കെ പി 4/894/07/12.04.10/07.05.10 | |
| 2006-07 | എൽ എഫ് കെ പി 4/1369/09/09.07.2012 | |
| 2007-08 | എൽ എഫ് കെ പി 10/963/13/11.10.2013 | |
| 2008-09 | എൽ എഫ് കെ പി 10/963/13/22.10.2013 | |
| 2009-10 | എൽ എഫ് കെ പി 10/406/15/23.11.2015 | |

| | | |
|---|---|---|
| 2010-11 | എൽ എഫ് കെ പി 10/25/12/11.01.13 | |
| 2011-12 | എൽ എഫ് കെ പി 10/510/13/05.10.2013 | |
| 2012-13 | എൽ എഫ് കെ പി 10/1240/14/01.11.2014 | |
| 2013-14 | എൽ എഫ് കെ പി 10/577/15/16.11.15 | |
| 2014-15 | കെഎസ്എ-കെടിഎം.പി.10-1045/16/27.07.16 | |
| 2015-16 | കെഎസ്എ-കെടിഎം.പി.10-1875/16/21.11.16 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ.കെടിഎം.9-1114/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in


തീയതി:.11.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം